## പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1175 — 12.3.2015 ൽ മറുപടിക്ക്

## റവന്യൂ വകുപ്പിന്റെ ബജറ്റ് വിഹിതം

| ചോദ്യം<br>ശ്രീ. എളമരം കരീം | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ റവന്യൂവകുപ്പിന് എത്ര തുകയാണ്. വകയിരുത്തിയിരുന്നത് എന്ന് വ്യക്തമാക്കാമോ ; | (എ) 2014-15 സാമ്പത്തിക വർഷത്തിൽ റവന്യൂ വകുപ്പിനു പദ്ധതി വിഹിതമായി 57.68 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് |
| (ബി) ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപാ വീതം വകയിരുത്തിയെന്ന് വിശദമാക്കാമോ ; | (ബി) & (സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>(അനുബന്ധം-എ) |
| (സി) ഇതിൽ എത്ര തുകയാണ് ഇതിനകം ചിലവാക്കാനായത് എന്ന് വ്യക്തമാക്കാമോ ; | |
| (ഡി) ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ഏതെങ്കിലും പദ്ധതികൾ ആരംഭിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ ? | (ഡി) **1) ജില്ലാ നവീകരണ ഫണ്ട്:-**<br>ജില്ലാ നവീകരണ ഫണ്ട് 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 14 കോടി രൂപയിൽ 7 കോടി രൂപ ചെലവഴിക്കുകയും ആയതിന്റെ ബാക്കി ഈ വർഷത്തെ ബജറ്റിൽ അനുവദിച്ച രണ്ടാം ഗഡുവായ 7 കോടി രൂപ ചെലവാക്കുന്നതു സംബന്ധിച്ച അനുമതിക്കായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

**2) ഭൂമി സംബന്ധമായ രേഖകൾ വിതരണം ചെയ്യുന്ന റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ വകുപ്പു കളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന പദ്ധതി:-**

മേൽ പദ്ധതി റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ വകുപ്പുകൾ സംയുക്തമായാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**3)സർവ്വെ ട്രെയിനിംഗ് സ്കൂളിന്റെ ആധുനീകരണം പദ്ധതി:-**

ടി പദ്ധതി നടപ്പിലാക്കുന്നതിനായി സർവ്വെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**4) നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം:- (കേന്ദ്രാവിഷ്കൃത പദ്ധതി)**

ടി പദ്ധതിക്ക് ഇതുവരെ കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം - എ**

| ക്രമ നം. | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക(രൂപ) | ചെലവാക്കിയ തുക(രൂപ) |
|---|---|---|---|
| 1 | റവന്യൂ വകുപ്പിലെ പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം | 1,30,00,000 | 1,29,60,000 |
| 2 | റവന്യൂ വകുപ്പിനു ജില്ലകളിൽ സൗകര്യം ഏർപ്പെടുത്തൽ | 4,50,00,000 | 4,06,94,000 |
| 3 | പൊതുമുതൽ സംരക്ഷണം- കേരള ഭൂബാങ്ക് പ്രോജക്റ്റ് | 2,50,00,000 | 38,23,416 |
| 4 | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 | 10,00,00,000 | 3,04,92,500 |
| 5 | സ്മാർട്ട് റവന്യൂ ഓഫീസുകൾ | 4,70,00,000 | 1,96,57,487 |
| 6 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്രൊജക്ട് | 85,00,000 | 43,34,000 |
| 7 | ജില്ലാ നവീകരണ ഫണ്ട് പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് | 7,00,00,000 | ഇല്ല |
| 8 | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ | 6,50,00,000 | 2,16,28,994 |
| 9 | ഭൂമി സംബന്ധമായ രേഖകൾ വിതരണം ചെയ്യുന്ന റവന്യൂ സർവ്വെ രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന പദ്ധതി | 2,00,00,000 | ഇല്ല |
| 10 | സർവ്വെ ട്രെയിനിംഗ് സ്കൂളിന്റെ ആധുനീകരണം | 1,00,00,000 | ഇല്ല |
| 11 | നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം (100% CSS) | 9,92,76,000 | ഇല്ല |
| 12 | നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം (50% CSS) | 4,20,00,000 | ഇല്ല |
| 13 | നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം (25% CSS) | 3,20,00,000 | ഇല്ല |
| | ആകെ | 57,67,76,000 | 13,35,90,397 |

സെക്ഷൻ ഓഫീസർ